പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1597 — 02.07.2015 -ൽ മറുപടിയ്ക്ക്

## ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ എല്ലാ പ്രവർത്തനങ്ങളും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. |
| ബി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും ഒരു നെറ്റ് വർക്കിന് കീഴിലാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | ബി) കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും VPN / KSWAN നെറ്റ് വർക്കിലൂടെ കണക്ട് ചെയ്തിട്ടുണ്ട്. National Optical fiber Network (NOFN) മുഖേന സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും ഹൈ സ്പീഡ് നെറ്റ് വർക്ക് വഴി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയതെന്ന് വിശദമാക്കാമോ? | സി) ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ, സുലേഖ, സൂചിക ഉൾപ്പെടെ എല്ലാ ആപ്ലിക്കേഷനുകളും ജീവനക്കാർക്ക് കൈകാര്യം ചെയ്യുന്നതിനുള്ള സമഗ്രമായ പരിശീലനങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടുകൂടി കില നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ